(ഡി) ട്രഷറിയിലെ മൊത്തം നീക്കിയിരിപ്പ് തുക എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ഇ) 2014 ഒക്ടോബർ മാസത്തിൽ ഏതെല്ലാം ദിവസങ്ങളിൽ ട്രഷറി ഓവർഡ്രാഫ്റ്റിലായിരുന്നു. ഏതെല്ലാം ദിവസങ്ങളിൽ എത്ര തുക വീതം ഓവർഡ്രാഫ്റ്റിലായി ; വിശദവിവരം നല്കാമോ ?

<u>ഉത്തരം</u>

(എ) ട്രഷറി ഡയറക്ടർ നൽകിയ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 7 ന് സംസ്ഥാന ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം 19046.20 കോടി രൂപയാണ്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 1171.09 കോടി രൂപയാണ്.

(ബി) ബോർഡുകളുടെ നിക്ഷേപം 1163.80 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 208.08 കോടി രൂപയുമാണ്.

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 1720.16 കോടി രൂപയാണ്.

(ഡി) റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 7 ന് 484.11 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമുണ്ടായിരുന്നു.

(ഇ) 2014 ഒക്ടോബർ മാസത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടില്ല.

**ചാത്തന്നൂർ ട്രഷറി കെട്ടിടം**

**236 (576)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ നിലവിലുള്ള സബ്ട്രഷറി കെട്ടിടം നാഷണൽ ഹൈവേയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റപ്പെട്ടുമെന്നും, ഈ കെട്ടിടം കാലപ്പഴക്കം കൊണ്ടും അസൗകര്യങ്ങൾമൂലവും മാറ്റി സ്ഥാപിക്കേണ്ടതാണെന്നും ബോദ്ധ്യമുണ്ടോ ;

(ബി) എങ്കിൽ ചാത്തന്നൂരിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി സൗജന്യമായി ലഭിച്ച ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബോധ്യമുണ്ട്.

(ബി) ചാത്തന്നൂർ ടൗൺ കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ 1,25,93,379- രൂപയുടെ എസ്റ്റിമേറ്റ് ടൗൺ ഡറയക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പ് വർഷം ഈ പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കാനാകില്ല കൂടാതെ ടൗണികളുടെ കെട്ടിടനിർമ്മാണം പൊളുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്.

**പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് സബ്ടൗൺ**

**237 (577)** ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് ഒരു ടൗൺ ആരംഭിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യം സർക്കാരിന്റെ പരിഗണന യിലുണ്ടോ വിശദമാക്കാമോ ?

ഉത്തരം

കൊപ്പം കേന്ദ്രമാക്കി സബ് ടൗൺ ആരംഭിക്കണമെന്നുള്ള അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ടൗൺ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചുവരുന്നതിനാൽ നിലവിലുള്ള ടൗണികളുടെ പ്രവർത്തനം തന്നെ കൂടുതൽ കാര്യക്ഷമവും വിപുലവും ആകുമെന്നതിനാലും, കൊപ്പത്ത് പുതിയ സബ് ടൗൺ തുടങ്ങുന്നതിനു വേണ്ട ഭരണപരമായ അനിവാര്യത നിലവിലില്ലാത്തതിനാലും പുതിയ സബ് ടൗൺ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.